# ബോധം: ചില തത്വശാസ്ത്ര നീരീക്ഷണങ്ങൾ

ഡോ. കെ. മുത്തുലക്ഷ്മി



*പെയിന്റിംഗ്: ജോസഫ് എം വർഗ്ഗീസ്*

**ബോധമണ്ഡലത്തിന്റെ വ്യാപ്തിയേയും പ്രവർത്തനങ്ങളേയും കുറിച്ച് ഭാരതീയ ദാർശനികർ നൽകുന്ന വൈവിധ്യമാർന്ന വിവരണങ്ങളുടെ വെളിച്ചത്തിൽ ബോധം എന്ന പരികൽപനയെ പരിശോധിക്കുകയാണ് ഡോ. കെ. മുത്തുലക്ഷ്മി.**

**അഞ്ച്** അറകളുടെ പാംക്തിയായി തൈത്തിരീയോപനിഷത്ത് മനുഷ്യനെ കാണുന്നു. ഏറ്റവും പുറമെയുള്ളതും സ്ഥൂലവുമായ അന്നമയകോശം (ശരീരം) മുതൽ തുടങ്ങി ഏറ്റവും അകമെയുള്ള സൂക്ഷ്മമായ ആനന്ദമയ കോശം വരെയുള്ള അഞ്ച് അറകൾ. ആദ്യത്തെ രണ്ടറകൾ (അന്നമയകോശം, പ്രാണമയകോശം) മനുഷ്യരുടെ ഘടനാപരവും പ്രവൃത്തിപരവുമായ അംശങ്ങളെ സാമാന്യമായി കുറിയ്ക്കുമ്പോൾ പിന്നീടുള്ള രണ്ടറകൾ (മനോമയകോശം, വിജ്ഞാനമയകോശം) ബോധമണ്ഡലത്തെ പ്രതിനിധാനം ചെയ്യുന്നുവെന്ന് പറയാം.

പ്രവൃത്തിയും സംവേദനവുമായി ബന്ധപ്പെട്ടു കിടക്കുന്ന ഈ മൂന്ന് അറകൾ (പ്രാണമയ - മനോമയ - വിജ്ഞാനമയകോശങ്ങൾ) ചേർന്ന ഭാഗത്തെയാണ് സൂക്ഷ്മശരീരം എന്ന് വേദാന്തത്തിൽ പറയുന്നത്. ഈ ബോധമണ്ഡലത്തിന്റെ വ്യാപ്തിയും പ്രവർത്തനങ്ങളും ദാർശനിക വിവരണങ്ങളിൽ വൈചിത്ര്യത്തോടെ ഉൾപ്പെടുത്തപ്പെട്ടിരിക്കുന്നു.

അനുഭവത്തിന്റെ ആധാരമായി വേദാന്തികൾ കൽപ്പിക്കുന്നത് അന്തഃകരണത്തെയാണ്. അന്തഃകരണത്തിന്റെ സംവേദനശീലങ്ങൾ ഏകരൂപമല്ല. എണ്ണമറ്റവ എന്ന് പറയാമെങ്കിലും അവയെ നാല് പ്രകാരങ്ങളായി കണക്കാക്കാറുണ്ട്. സംശയിക്കുക, നിശ്ചയിക്കുക, അഹങ്കരിക്കുക, ഓർമ്മിക്കുക എന്നിങ്ങനെ. ഈ നാല് സംവേദനങ്ങൾക്കും ആധാരമായി അന്തഃകരണത്തിന് യഥാക്രമം നാല് തലങ്ങൾ കൽപ്പിക്കാം.

മനസ്സ്, ബുദ്ധി, അഹങ്കാരം, ചിത്തം. മനസ്സെന്ന അന്തഃകരണ ഭാഗം കൊണ്ട് നാം സംശയിക്കുന്നു, ബുദ്ധികൊണ്ട് നിശ്ചയിക്കുന്നു, അഹങ്കാരം കൊണ്ട് ഞാനെന്ന് ഭാവിക്കുന്നു, ചിത്തം കൊണ്ട് ഓർമ്മിക്കുകയും ചെയ്യുന്നു. ഇതൊക്കെയും ഉണർച്ചയുടെ അവസ്ഥയിൽ മനുഷ്യരനുഭവിക്കുന്ന ബോധപ്രകാരങ്ങളാണ്. എന്നാൽ ഇവ കൂടാതെയും എത്രയോ ബോധതലങ്ങൾ! ഇവയിലൊക്കെയും സങ്കീർണ്ണങ്ങളായ അനുഭവപ്രകാരങ്ങൾ!

## അയഥാർത്ഥജ്ഞാനം

എല്ലാ ജ്ഞാനവും യഥാർത്ഥ ജ്ഞാനമാണെന്ന് വിശിഷ്ടാദ്വൈത ദാർശനികർ പറയുന്നു, (സർവം , ജ്ഞാനം, യഥാർത്ഥം) തെറ്റായ അറിവ് എന്നൊന്നില്ല എന്ന്. അറിവിനെ ശരിതെറ്റുകളുടെ അളവുകോൽ വെച്ച് അളക്കേണ്ടതില്ല എന്നും, ബോധത്തിലെ ഏത് പരിസ്ഫുരണവും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ അറിവ് തന്നെയാണെന്നും പല ചിന്തകർക്കും അഭിപ്രായമുണ്ട്. അതുകൊണ്ടാണ് ന്യായദർശനത്തിൽ, 'ജ്ഞാനം രണ്ടുതരത്തിലുണ്ട്, യഥാർത്ഥമെന്നും, അയഥാർത്ഥമെന്നും; യഥാർത്ഥജ്ഞാനം വീണ്ടും രണ്ടു തരത്തിലാണ് - ഓർമ്മയും അനുഭവവും എന്ന്' എന്നിങ്ങനെ ജ്ഞാനത്തെ വിശദീകരിച്ചത്.

ഇവിടെ ജ്ഞാനം ബോധസൂചകമാണെന്ന് കരുതാം. വേദാന്തത്തിൽ കയർ കണ്ട് പാമ്പെന്ന് ധരിയ്ക്കുന്നതിനെ 'ഭ്രമജ്ഞാന'മെന്നാണ് പറയുക. ഭ്രമരൂപത്തിലുള്ള ജ്ഞാനമെന്നർത്ഥം. ജ്ഞാനം, അജ്ഞാനം, ഭ്രമം എന്നിവയെക്കു





> എല്ലാ ബോധവും പകുതി ഓർമ്മയാണെന്ന് ഒരു തരത്തിൽ പറയാം. ഓർമ്മയിലൂടെയാണ് നമ്മുടെ ബോധമണ്ഡലം വികസിക്കുന്നത് കാഴ്ച്ചയുടെ, കേൾവിയുടെ, രുചിയുടെ മണത്തിന്റെ സ്പർശത്തിന്റെ... ഇതുവരെയുണ്ടായ അനുഭവങ്ങളിൽ നിന്നുള്ള ഓർമ്മകളെ പുതുതായുണ്ടാകുന്ന അനുഭവങ്ങളുമായി നാം ബന്ധപ്പെടുത്തുന്നു. അങ്ങനെ അവയുടെ പഴമയും പുതുമയും തനിമയും നിർമ്മിതിപ്രകാരങ്ങളും നാം തിരിച്ചറിയുന്നു.

റിച്ചുള്ള പൊതുധാരണയുടെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ അയഥാർത്ഥജ്ഞാനം, ഭ്രമജ്ഞാനം എന്നീ പ്രയോഗങ്ങൾ വളരെ ചിന്തക്കുഴപ്പമുണ്ടാക്കുന്നവയായി തോന്നാം. അയഥാർത്ഥവും ജ്ഞാനവും തമ്മിൽ, ഭ്രമവും ജ്ഞാനവും തമ്മിൽ ഒത്തുപോകുന്നതെങ്ങിനെ? ഇത് സങ്കല്പനത്തിന്റെ വ്യത്യാസമാണ്. ജ്ഞാനത്തെ knowledge എന്ന് തർജ്ജമ ചെയ്യുമ്പോൾ, ചില സ്ഥലങ്ങളിലെങ്കിലും ഈ സങ്കല്പനവ്യത്യാസം മുഴച്ചുനിൽക്കുന്നു.

അയഥാർത്ഥജ്ഞാനത്തിന്റെ ബോധപ്രകാരങ്ങളെക്കുറിച്ച് ചിന്തകർ കുറച്ചൊന്നുമല്ല ചർച്ച ചെയ്തിട്ടുള്ളത്. കയറിൽ പാമ്പിനെ കാണുമ്പോൾ എന്താണുണ്ടാകുന്നത്? അൽപ്പനേരത്തേക്കെങ്കിലും അവിടെ സൃഷ്ടിക്കപ്പെടുന്ന പാമ്പിനെ നാം കാണുന്നുവോ? അതോ അത് വെറും ഓർമ്മയുടെ കുഴമറിച്ചിലോ? ഈ കയറിനെയും പാമ്പിനെയും ചൊല്ലി-അയഥാർത്ഥജ്ഞാനമെന്ന മാനസികവ്യാപാരത്തെച്ചൊല്ലി, എത്ര സിദ്ധാന്തസ്ഥാപനങ്ങളും മറുപക്ഷനിരസനങ്ങളും! അയഥാർത്ഥജ്ഞാനത്തെ നാം എങ്ങിനെ കാണുന്നു എന്നതിനെ അടിസ്ഥാനപ്പെടുത്തി ഒരു പ്രത്യേക ചിന്താ പദ്ധതിയുടെ മൊത്തം നിലപാടുകളെ വിലയിരുത്താം എന്നു തന്നെ തോന്നുന്നു.

അയഥാർത്ഥജ്ഞാനം (ഏതൊരു ജ്ഞാനവും) ആത്മബോധത്തിന്റെ പ്രകാശിതരൂപം മാത്രമാണെന്ന് ക്ഷണികവിജ്ഞാനവാദം എന്ന ബുദ്ധദർശനം പറയുന്നു. വ്യത്യസ്ഥമായ ഒരു ജ്ഞാനം തന്നെയാണ് അയഥാർത്ഥജ്ഞാനമെന്ന് ന്യായദർശനം. അയഥാർത്ഥമായ ജ്ഞാനം എന്നൊന്നില്ല - അവിടെ യാഥാർത്ഥ്യവും അയാഥാർത്ഥ്യവും തമ്മിൽ വേർതിരിച്ചറിയായ്ക മാത്രം എന്നാണ് മീമാംസാദർശനത്തിന്റെ നിലപാട്.

അദ്വൈതവേദാന്തികൾക്ക് അത് യാഥാർത്ഥ്യമോ അയാഥാർത്ഥ്യമോ അല്ല, ഉണ്മയ്ക്കും ഇല്ലായ്മക്കും ഇടയിലെവിടെയോ ഉള്ള ഒരു ബോധരൂപം. പ്രത്യക്ഷാനുഭവവും ഓർമ്മയും കൂടിക്കുഴഞ്ഞ, വേർതിരിച്ചറിയാനാകാത്ത ഒന്ന്. അതുകൊണ്ട് അവർക്കത് അനിർവചനീയമാണ്. ഈ അനിർവചനീയാനുഭവത്തെ മുൻനിർത്തിയാണ് ശങ്കരൻ അടിസ്ഥാനതത്വമായ ബ്രഹ്മവും ലോകവും തമ്മിലുള്ള ബന്ധത്തെ വിശദീകരിക്കുന്നത്.

## സ്വപ്നം

സ്വപ്നം പോലെയാണ് ഈ ലോകം, കാണുന്ന സമയത്ത് സത്യമാണെന്ന് തോന്നും, ആ അവസ്ഥ പിന്നിടുമ്പോൾ മാത്രം അവയുടെ അസത്യത്വം വെളിവാകുന്നു എന്ന് അദ്വൈത - ബൗദ്ധദർശനങ്ങളിൽ പലയിടത്തും പറഞ്ഞുകാണാം. എന്നാൽ ഈ അസത്യത്വം എങ്ങനെയുള്ളതാണെന്ന് ശങ്കരൻ പറയുന്നത് സൂക്ഷ്മമായ ശ്രദ്ധ അർഹിക്കുന്നു - 'സ്വപ്നത്തിൽ കണ്ട ആന അയഥാർത്ഥമാണെന്ന് പിന്നീട് ബോദ്ധ്യപ്പെട്ടേക്കാം. എന്നാൽ സ്വപ്നത്തിൽ ആനയെ കണ്ടു എന്നത് ഒരിയ്ക്കലും അയഥാർത്ഥമാകുന്നില്ല' എന്ന് ശങ്കരൻ പറയുന്നു. സ്വപ്നത്തിന്റെ ബോധരൂപം നിഷേധിയ്ക്കപ്പെടുന്നില്ല എന്നർത്ഥം. മാത്രമല്ല ഉണർച്ചയിലെ അനുഭവങ്ങളുടെ വ്യത്യസ്ഥ പ്രതിനിധാനരൂപങ്ങളായും (പ്രതീകങ്ങളായും) സ്വപ്നങ്ങൾ കണക്കാക്കപ്പെട്ടിരിക്കുന്നു.

സ്വപ്നങ്ങൾ സൂചകങ്ങളാണ്. ലോകത്തിലെ യഥാർത്ഥവസ്തുക്കൾ സൂചിപ്പിക്കപ്പെടുന്നവയും (സൂച്യങ്ങൾ). ആ അർത്ഥത്തിൽ അവ നമ്മുടെ ഓർമ്മയുടെ സവിശേഷരൂപം പൂണ്ട അടയാളങ്ങളാണ്. എന്നാൽ ഓർമ്മയും സ്വപ്നവും തമ്മിലുള്ള വ്യത്യാസവും ഇങ്ങനെ ചൂണ്ടിക്കാണിക്കപ്പെട്ടിരിക്കുന്നു. ഓർമ്മ മുൻ അനുഭവത്തിന്റെ താരതമ്യേന സ്വതന്ത്രമായ പുനരനുഭവാണെന്നിരിക്കെ,സ്വപ്നം മുൻ അനുഭവത്തിന്റെ ഒരു പുനർനിർമ്മിതിയായി അനുഭവപ്പെടുന്നു. നാമുറങ്ങുമ്പോൾ, നമുക്കുള്ളിൽ സ്വപ്നങ്ങൾ സ്വേച്ഛയ്ക്കനുസരിച്ച് നിർമ്മിച്ചുകൊണ്ട് ഉണർന്നിരിക്കുന്ന പുരുഷന്റെ ചിത്രം ഉപനിഷത്തിൽ കാണാം. നമ്മുടെ കാമങ്ങളാണ് ആ നിർമ്മാണപ്രക്രിയയിലെ പ്രധാന അസംസ്കൃതവസ്തുക്കൾ. ഒപ്പം അവിദ്യയും കർമ്മവും.

മുൻപറഞ്ഞ അയഥാർത്ഥാനുഭവവുമായി സ്വപ്നത്തെ താരതമ്യം ചെയ്തുകൊണ്ടുള്ള ധാരാളം ചർച്ചകളുമുണ്ട്. കയർ പാമ്പിന്റെ അറിവിന് ആധാരമാകുന്നതുപോലെ ഇവിടെ, താൻ തന്നെ, വിചിത്രമായ കാഴ്ചകൾക്കും അനുഭവങ്ങൾക്കും ആധാരമാകുന്നു.

## ഉറക്കം

ഉറക്കം എന്താണ്? ഉറങ്ങുന്ന സമയത്ത്, ഇവിടെ ചർച്ചചെയ്യപ്പെടുന്ന രീതിയിലുള്ള ബോധാനുഭവം ഉണ്ടോ? ഇത് വേദാന്തത്തിൽ വളരെ ചർച്ച ചെയ്യപ്പെടുന്നുണ്ട്. (സ്വപ്നം കാണാതെ) ഉറങ്ങുന്ന സമയത്ത് വിഷയങ്ങൾ ഇല്ല, കേവലബോധം മാത്രം നിലനിൽക്കുന്നു എന്ന് അദ്വൈതികൾ പറയുന്നു. എന്നാൽ ഉറങ്ങിയെഴുന്നേൽക്കുമ്പോൾ അനുഭവപ്പെടുന്ന സുഖമോ? ഞാൻ സുഖമായി ഉറങ്ങി എന്ന പ്രയോഗം എപ്പോഴുള്ള സുഖത്തെ കുറിയ്ക്കുന്നു?

മധുസൂദനസരസ്വതി എന്ന അദ്വൈതദാർശനികന്റെ അഭിപ്രായത്തിൽ ഉറങ്ങിയെഴുന്നേൽക്കുമ്പോഴുള്ള സുഖം ഉറക്കത്തിൽ അനുഭവിച്ച സുഖത്തെപ്പറ്റിയുള്ള ഓർമ്മയാണ്. ഓർമ്മയുടെ പിന്നിൽ അനുഭവമുണ്ടാകണമെന്ന തത്വം വെച്ച് നോക്കുമ്പോൾ, ഉറങ്ങുമ്പോൾ സുഖം ഉണ്ടായിട്ടുണ്ട് ഇന്ദ്രിയങ്ങളും മനസ്സും ആ സമയത്ത് പ്രവർത്തിക്കാത്തതിനാൽ ആ സുഖം,സാക്ഷി (വിഷയങ്ങളെ അറിയുന്ന ജീവചൈതന്യം) നേരിട്ട് ഗ്രഹിക്കുന്നു. ഉറങ്ങിയെഴുന്നേറ്റ് മനസ് പ്രവർത്തനനിരതമാകെ, അതറിയുകയും ചെയ്യുന്നു. ഉറക്കത്തിലെ സുഖാനുഭവം, അതു





കൊണ്ട്, സാക്ഷിഭാസ്യമാണെന്ന് പറയാം. മറ്റുപാധികളൊന്നും കൂടാതെ സാക്ഷിയെ നേരിട്ട് ഭാസിയ്ക്കുന്നത് എന്നർത്ഥം .

ആകാശത്തിന്( Space ) രൂപം മുതലായ ഗുണങ്ങൾ ഇല്ലാത്തതിനാൽ, അതിനെ അറിയുന്നത് എങ്ങനെ? അത് സാക്ഷിഭാസ്യമായി വേദാന്തത്തിൽ കണക്കാക്കപ്പെട്ടിരിക്കുന്നു സുഖം, ദുഖം, എന്നിവയെയും സാക്ഷി നേരിട്ട്ഗ്രഹിയ്ക്കുന്നു. എല്ലാ ഓർമ്മകളും സാക്ഷിഭാസ്യമാണ്.

മനസ്സ് ( അന്ത:കരണം) വിഷയങ്ങളുടെ( അറിയപ്പെടുന്ന വസ്തുക്കളുടെ )രൂപത്തിൽ പരിണമിക്കുന്നത് വഴിയാണ് നാം ഉണർന്നിരിക്കുമ്പോൾ വിഷയങ്ങളെ അറിയുന്നതെന്ന്പറയപ്പെട്ടിട്ടുണ്ട്. 'അന്ത:കരണവൃത്തിരൂപം' എന്നാണ് ആ സന്ദർഭത്തിൽ ഉപയോഗിക്കുന്ന വാക്ക്. വൃത്തി എന്നാൽ പരിണാമം എന്നർത്ഥം. സ്വപ്നാവസ്ഥയിലാകട്ടെ വിഷയങ്ങൾ യഥാർത്തിൽ ഇല്ലാത്തതിനാൽ അവിടെ അന്ത:കരണം വാസ്തവത്തിൽ പരിണമിക്കുന്നില്ല. അവിടെ അന്ത:കരണം പരിണമിച്ചതായി അവിദ്യമൂലം തോന്നുന്നു. അവിദ്യാകൽപ്പിതമനോവൃത്തി എന്ന വാക്ക്.

ഉറങ്ങുമ്പോഴുള്ള സുഖാനുഭവമാകട്ടെ, സാക്ഷി നേരിട്ട് ഗ്രഹിയ്ക്കുന്നതിനാൽ സാക്ഷിഭാസ്യവും. ഉറങ്ങുമ്പോൾ ഇന്ദ്രിയങ്ങൾ മാത്രമല്ല മനസ്സും നിഷ്ക്രിയമാവുന്നതിനാലാണ് ഇങ്ങനെ. അങ്ങനെ ഉണർച്ച, സ്വപ്നം, ഉറക്കം എന്നീ മൂന്ന് അവസ്ഥകളിലെയും ബോധത്തെ വിവരിക്കുന്നത് അന്ത:കരണവൃത്തിരൂപം, അവിദ്യകൽപ്പിതവൃത്തിരൂപം, സാക്ഷിഭാസ്യം എന്നീ പദങ്ങൾ കൊണ്ടാണ്.

## സാഹിത്യാസ്വാദം

സാഹിത്യാസ്വാദനത്തിൽ നിന്നുള്ള രസാനുഭവത്തിന്റെ സ്വഭാവത്തെ കുറിച്ചു പല സാഹിത്യ ഗ്രന്ഥങ്ങളിലും പ്രതിപാദിക്കുന്നുണ്ട്. ദൈനംദിനാനുഭവങ്ങളെ അപേക്ഷിച്ച് രസാനുഭത്തിനുള്ള സവിശേഷതകൾ, രസാനുഭവത്തെ അറിയുന്ന രീതികൾ മുതലായ വിഷയങ്ങൾ സാഹിത്യതത്ത്വശാസ്ത്രജ്ഞരുടെ ചർച്ചകളിൽ ഉൾപ്പെടുന്നു ജഗന്നാഥപണ്ഡിതൻ എന്ന സാഹിത്യശാസ്ത്രജ്ഞൻ രസാനുഭവത്തിന് മേൽപ്പറഞ്ഞ രീതിയിലുള്ളാ സാക്ഷിഭാസ്യത്വം കൽപ്പിച്ചിരിക്കുന്നു.

രസാനുഭവം യഥാർത്ഥജ്ഞാനമോ, മിഥ്യാജ്ഞാനമോ സംശയമോ അല്ല. സാദൃശ്യജ്ഞാനം അതിലുണ്ടെന്നും ഇല്ലെന്നുമാകാം. ഇങ്ങനെ പരസ്പര വ്യത്യസ്തങ്ങളായ അനുഭവങ്ങളുടെ കൂടിക്കുഴയൽ കൊണ്ട് എന്തെന്ന് കൃത്യമായി ആ അനുഭവത്തെ നിർണ്ണയിക്കാനാകുന്നില്ല ഇങ്ങനെ രസാനുഭവത്തിന് പിന്നിലെ യുക്തിയെ കുറിച്ച് ശങ്കുകൻ എന്ന സാഹിത്യശാസ്ത്രകാരൻ അത്ഭുതം കൂറുന്നു

## ഓർമ്മ

എല്ലാ ബോധവും പകുതി ഓർമ്മയാണെന്ന് ഒരു തരത്തിൽ പറയാം. ഓർമ്മയിലൂടെയാണ് നമ്മുടെ ബോധമണ്ഡലം വികസിക്കുന്നത് കാഴ്ച്ചയുടെ, കേൾവിയുടെ, രുചിയുടെ മണത്തിന്റെ സ്പർശത്തിന്റെ... ഇതുവരെയുണ്ടായ അനുഭവങ്ങളിൽ നിന്നുള്ള ഓർമ്മകളെ പുതുതായുണ്ടാകുന്ന അനുഭവങ്ങളുമായി നാം ബന്ധപ്പെടുത്തുന്നു. അങ്ങനെ അവയുടെ പഴമയും പുതുമയും തനിമയും നിർമ്മിതിപ്രകാരങ്ങളും നാം തിരിച്ചറിയുന്നു. മുൻ അനുഭവങ്ങൾ വഴിയുണ്ടാകുന്ന സംസ്കാരങ്ങളും വാസനകളുമാണ് ഓർമ്മകൾക്കടിസ്ഥാനമെന്നും അവയെ പെട്ടെന്നുണർത്തുന്ന ഒരു കാരണഘടകവും അവിടെ പ്രവർത്തിക്കുന്നുവെന്നും പൊതുവേ അംഗീകരിക്കപ്പെട്ടിരിയ്ക്കുന്നു.

എന്നാൽ ഓർമ്മയുടെ പ്രാമാണികതയെച്ചൊല്ലി(ആധികാരിത)യുള്ള നിലപാടുകൾ വ്യത്യസ്ഥങ്ങളാണ്. ദ്വൈതവേദാന്തികളും ജൈനദാർശനികരുമാണ് ഓർമ്മയുടെ പ്രാമാണികതയെ നിരുപാധികം അംഗീകരിക്കുന്നവർ. ദ്വൈതിക്ക് ഓർമ്മ പ്രത്യക്ഷം തന്നെയാണ്. മാനസപ്രത്യക്ഷം. എന്നാൽ ജൈനർ പ്രമാണത്തെ പ്രത്യക്ഷം, പരോക്ഷം എന്ന് രണ്ടായി തിരിയ്ക്കുകയും ഓർമ്മയെ പരോക്ഷത്തിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നു. ഒരേ ഓർമ്മതന്നെ പ്രത്യക്ഷവും പരോക്ഷമാവുന്നത് നോക്കുക.

ഓർമ്മ എന്നത് മുൻഅനുഭവത്തിൽനിന്ന് വർത്തമാനത്തിലേക്ക് നീളുന്ന ബോധത്തിന്റെ തുടർച്ചയാണ് എന്നതിനെക്കൂടി അടിസ്ഥാനമാക്കിയാണ് ശങ്കരൻ ആത്മാവിന്റെ അസ്തിത്വം ഉറപ്പിക്കുന്നത്. അന്നും ഇന്നും എന്നും മാറ്റമില്ലാതെ ഒരു സത്ത നമ്മിലുണ്ടങ്കിലേ ഓർമ്മ പ്രത്യഭിജ്ഞ(തിരിച്ചറിവ്) തുടങ്ങിയവ സാദ്ധ്യമാകൂ എന്ന് ശങ്കരൻ കരുതുന്നു. ചിന്തയും അറിവും ഓർമ്മകൂടാതെ ഉണ്ടാകുന്നില്ല എന്നും അദ്ദേഹം നിരീക്ഷിയ്ക്കുന്നുണ്ട്..

എ.കെ.രാമാനുജൻ ഓർമ്മയെക്കുറിച്ചെഴുതിയ ലേഖനത്തിൽ ഇതുമായി ബന്ധപ്പെട്ട ശ്രദ്ധേയമായ ചിലനിരീക്ഷണങ്ങളുണ്ട്. ദർശനങ്ങൾ ചർച്ച ചെയ്യുന്ന, ഓർമ്മയും അറിവും തമ്മിലുള്ള ബന്ധം നമ്മുടെ ദൈനംദിന ഭാഷാ പ്രയോഗങ്ങളിൽ പ്രതിഫലിക്കുന്നതിനുദാഹരണമായി അദ്ദേഹം, ഓർമ്മ എന്നർത്ഥം വരുന്ന 'ജ്ഞാപകം' എന്ന തമിഴ് പ്രയോഗം (സംസ്കൃതത്തിൽ നിന്ന് കടം കൊണ്ടതെങ്കിലും) എടുത്തു കാണിയ്ക്കുന്നു. 'അറിയുക' എന്നർത്ഥം വരുന്ന 'ജ്ഞാ' ധാതുവിൽ നിന്നാണ് ഇതിന്റെ നിഷ്പത്തി.

കാളിദാസന്റെ ശാകുന്തളത്തെ അടിസ്ഥാനമാക്കി ഓർമ്മ സ്നേഹമായി മാറുന്നതും സ്നേഹം ഓർമ്മയായി മാറുന്നതും അദ്ദേഹം ചൂണ്ടിക്കാണിയ്ക്കുന്നു. (ശകുന്തള സ്വയം മറന്ന് ദുഷ്യന്തനെ ഓർത്ത് കൊണ്ടിരിക്കുന്നതും, ദുഷ്യന്തൻ ശകുന്തളയെകുറിച്ചുള്ള ഓർമ്മ നഷ്ടപ്പെട്ട് സ്നേഹവിരഹിതനായിതീരുന്നതും ഓർമ്മ തിരികെ ലഭിക്കെ സ്നേഹവിവശനാകുന്നതും മറ്റും) കാമദേവന്റെ ഒരു പര്യായം 'സ്മരൻ' എന്നു തന്നെയാണല്ലോ. ഭക്തിയെക്കുറിച്ചുള്ള ദാർശനിക ചർച്ചകളിലും ഓർമ്മയ്ക്ക് സ്ഥാനമുണ്ട്. ഭക്തിയുടെ ഒമ്പത് പ്രകാരങ്ങളിൽ 'സ്മരണം' പ്രധാനപ്പെട്ട ഒന്നാണ്.

ഓർമ്മയുടെ തുടർച്ചയെക്കുറിച്ചുള്ള സിദ്ധാന്തങ്ങളിൽ നിന്ന് വ്യത്യസ്തമായി, ക്ഷണികങ്ങളും സമാനങ്ങളുമായ നിരവധി വിജ്ഞാനങ്ങളുടെ പരമ്പരയാണ് ബൗദ്ധദാർശനികരുടെ വിഭാവനയിൽ. മുൻ അനുഭവം അവശേഷിപ്പിക്കുന്ന സംസ്കാരം പിന്നീടുണ്ടാകുന്ന അനുഭവത്തെ നിർമ്മിക്കുന്നു. സംസ്കാരം / വാസന ഒരു ബോധത്തിൽ നിന്ന് മറ്റൊരു ബോധത്തിലേക്ക് പരിവർത്തിക്കപ്പെടുന്നു. ഈ ധാരതന്നെയാണ് ഓർമ്മ . ഈ കൽപ്പന, ബൗദ്ധരുടെ നിരന്തരം പരിണമിക്കുന്ന / നിർമ്മിക്കപ്പെടുന്ന അടിസ്ഥാനതത്ത്വത്തെക്കുറിച്ചുള്ള സിദ്ധാന്തത്തിന് അനുഗുണം തന്നെയാണ്. ●

*സംസ്കൃത വിഭാഗം,*
*ശ്രീശങ്കര സംസ്കൃത സർവകലാശാല,*
*പ്രാദേശിക കേന്ദ്രം, പയ്യന്നൂർ.*